**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 63** **22-06-2026-ൽ മറുപടിയ്ക്ക്**

**സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർമ്മപദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ടി. ബൽറാം ശ്രീ. വി. ഡി. സതീശൻ

ശ്രീ. മനോജ് മൂത്തേടൻ (മുഖ്യമന്ത്രി)

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**(എ)** മുൻ സർക്കാരിന്റെ കാലയളവിലെ തെറ്റായ ധനകാര്യ മാനേജ്മെന്റിന്റെയും ധൂർത്തിന്റെയും ഫലമായി സംസ്ഥാനം കടുത്ത ധനകാര്യ സമ്മർദ്ദം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അനന്തരഫലങ്ങൾ കഴിഞ്ഞ പത്ത് വർഷത്തെ പദ്ധതി ചെലവുകളിൽ എങ്ങനെ പ്രതിഫലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

**മറുപടി:** സംസ്ഥാനം നിലവിൽ കടുത്ത പണഞെരുക്കം നേരിടുന്നു എന്നത് ഒരു വസ്തുതയാണ്. ആയത് കേരള നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക ആരോഗ്യ തൽസ്ഥിതി റിപ്പോർട്ടിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ രൂപീകരിച്ച പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങളായ കിഫ്ബിയും പെൻഷൻ കമ്പനിയും എടുത്ത വായ്പകളുടെ തിരിച്ചടവ് സർക്കാരിന്റെ ചുമലിലാണ്. സർക്കാർ എടുത്ത വായ്പകളുടെ പലിശ നിരക്കിനേക്കാൾ കൂടിയ നിരക്കിലാണ് മേൽ സ്ഥാപനങ്ങൾ വായ്പകൾ സമാഹരിച്ചിട്ടുള്ളത്. തത്ഫലമായി സംസ്ഥാനത്തിന്റെ വായ്പയും കടബാധ്യതയും അനുവദനീയമായ പരിധിക്കപ്പുറത്തേക്ക് വർദ്ധിക്കുന്ന അനഭിലഷണീയമായ സാഹചര്യമാണ് സംജാതമായിട്ടുള്ളത്. ഇത് സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്ക് കാരണമായിട്ടുണ്ട്.

പദ്ധതി അടങ്കൽ വർദ്ധിപ്പിക്കാതെ പദ്ധതി ചെലവ് പെരുപ്പിച്ച് കാണിക്കുവാൻ, കഴിഞ്ഞ സർക്കാർ യഥാർത്ഥ പദ്ധതി കണക്കുകളിൽ കിഫ്ബിയുടെയും ചില പൊതുമേഖലാ സ്ഥാപനങ്ങളുടെയും കണക്കുകൾ ബജറ്റ് എസ്റ്റിമേറ്റിൽ ചേർക്കാതെ പദ്ധതി ചെലവിൽ ഉൾപ്പെടുത്തുകയുണ്ടായി. ഈ തെറ്റായ പ്രവണത പദ്ധതി ചെലവിന്റെ യഥാർത്ഥ വസ്തുത പ്രതിഫലിപ്പിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും സ്വതവേ ദുർബലമായ സാമ്പത്തിക സ്ഥിതിയെ കൂടുതൽ പ്രതിസന്ധിയിലാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യാ അനുപാതത്തിന് അനുസൃതമായാണ് സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് SCSP-ക്കും TSP-ക്കുമായി ഫണ്ടുകൾ നീക്കി വയ്ക്കുന്നത്. അതനുസരിച്ച്, മൊത്തം പദ്ധതി വിഹിതത്തിന്റെ നിർദ്ദിഷ്ട വിഹിതം SCSP-ക്ക് 9.81 ശതമാനവും TSP-ക്ക് 2.83 ശതമാനവുമാണ്. അങ്ങനെയാണെങ്കിൽ, ഇവ രണ്ടും ചേർന്ന് മൊത്തം പദ്ധതി ചെലവിന്റെ കുറഞ്ഞത് 12.64 ശതമാനമെങ്കിലും വരണമെന്നതുണ്ട്.

എന്നാൽ പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി. (OBC), ന്യൂനപക്ഷ വിഭാഗങ്ങൾക്കായി നീക്കിവച്ച വിഹിതം സ്ഥിരമായി 12.64 ശതമാനത്തേക്കാൾ വളരെ താഴെയാണെന്ന് കാണാൻ കഴിയും. കൂടാതെ, കഴിഞ്ഞ എട്ടു വർഷത്തിനിടയിൽ ഇത് ക്രമാനുഗതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

**(ബി)** കഴിഞ്ഞ പത്ത് വർഷം പദ്ധതി ചെലവുകളിൽ വെട്ടിക്കുറവ് വരുത്തിയതിനാൽ പട്ടികജാതി, പട്ടികവർഗ്ഗ, ഒ.ബി.സി, ന്യൂനപക്ഷ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള സമൂഹത്തിന്റെ ക്ഷേമ വിഹിതത്തിൽ വലിയ കുറവ് സംഭവിച്ചത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വിഭവങ്ങളുടെ നീതിയുക്തമായ വിതരണത്തിന് അനുയോജ്യമായ രീതിയിൽ സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** സർക്കാർ സാമ്പത്തിക ഞെരുക്കം അഭിമുഖീകരിക്കുന്നു എന്നത് വസ്തുതയാണ്. നിലവിലെ പ്രതികൂല സാഹചര്യം ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ തരണം ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനൊപ്പം തന്നെ, നികുതി ചോർച്ചയും വരുമാന ചോർച്ചയും തടയുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കും. സർക്കാരിന്റെ ചെലവുകൾക്ക് കൃത്യമായ മുൻഗണന നിശ്ചയിച്ച് അവ വരവുമായി പൊരുത്തപ്പെടുത്തുകയും, എല്ലാ മേഖലകളിലും കർശനമായ സാമ്പത്തിക അച്ചടക്കം പുലർത്തുകയും ചെയ്യും. എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതകളും ഘടനാപരമായ മാറ്റങ്ങളും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കില്ലെന്ന തിരിച്ചറിവോടെ, ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ സമഗ്രമായ പുനരുജ്ജീവനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് വിവിധ മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാനും, അതുവഴി ഖജനാവിൽ ധനസമാഹരണം നടത്തി ആ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**സെക്ഷൻ ഓഫീസർ**